കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ.

പതിമൂന്നാം സമ്മേളനം

1986 ഒക്ടോബർ 24, വ്യാഴം

നിയമസഭ 1986 ഒക്ടോബർ 24-ാം തീയതി പെട്ടെന്നിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്നചോദ്യോത്തരങ്ങൾ

അന്തർ സംസ്ഥാന സർവ്വീസ്

*74. (76) ശ്രീ. കെ. സി. ജോസഫ് :
,, ജോസ് കുറ്റ്യാനി :
,, കെ. കെ. തോമസ് :
,, ജി. കാർത്തികേയൻ :
,, മണിമംഗലത്തു കുട്ട്യാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ തുടങ്ങിയെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ തുടങ്ങാൻ ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഡി) അന്തർ സംസ്ഥാന സർവ്വീസുകൾ നടപ്പാക്കുന്നത് ഏതെല്ലാം വ്യവസ്ഥകളിലാണ് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 5 എണ്ണം.

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ച നടപടികൾ പൂർത്തിയായതിനുശേഷമേ സർവ്വീസുകളുടെ പൂർണ്ണ വിവരം ലഭ്യമാകുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബന്ധപ്പെട്ട സംസ്ഥാന ഗവൺമെന്റുകളും തമ്മിൽ എത്തി ചേരുന്ന കരാറുകളുടെ അടിസ്ഥാനത്തിലും (ബൈലാറ്ററൽ എഗ്രിമെന്റ്) അതിന്റെ അഭാവത്തിൽ ബന്ധപ്പെട്ട സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റികളുടെ സമ്മതപ്രകാരം ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെല്ലാം വാഹനങ്ങൾ നികുതിയടച്ചും അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിക്കുന്നതാണ്.

ശ്രീ. ജോസ് കുറ്റ്യാനി : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ ഈ വർഷം എത്രയെണ്ണം തുടങ്ങുമെന്ന് പറഞ്ഞില്ല. 1984 ആഗസ്റ്റ് മാസം 16-ന് സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്റർ സ്റ്റേറ്റ് സർവ്വീസ് നടത്തുവാനുള്ള ഒരു എഗ്രിമെന്റ് അങ്ങയുടെ മുൻഗാമിയായ മന്ത്രി ഉണ്ടാക്കിയതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതനുസരിച്ച് മൂലമറ്റം വേളാങ്കണ്ണി വഴി ഒരു ബസ് സർവ്വീസ് നടത്തുവാൻ തീരുമാനിച്ചിരുന്നുവോ ?

ശ്രീ. പി. കെ. വേലായുധൻ : 1984 ആഗസ്റ്റ് 16-ന് എസ്. ആർ.ഒ. 965/84 നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള സപ്ലിമെന്ററി ഇന്റർ സ്റ്റേറ്റ് എഗ്രിമെന്റിൽ 6-ാം ഇനമായി മൂലമറ്റം വേളാങ്കണ്ണി തൊടുപുഴ, മൂവാറ്റുപുഴ, പെരുമ്പാവൂർ, അംഗമാലി, തൃശ്ശൂർ, പാലക്കാട്, കോയമ്പത്തൂർ എന്നീ സ്ഥലങ്ങളിൽ കൂടിയുള്ള ഇന്റർ സ്റ്റേറ്റ് ബസ് സർവ്വീസിന് തീരുമാനമെടുത്തിട്ടുണ്ട്. ആ സർവ്വീസ് ഇപ്പോൾ തൊടുപുഴയിൽ നിന്നാണ് ഓപ്പറേറ്റ് ചെയ്യുന്നത്. സാമ്പത്തിക വരുമാനം കുറവായതുകൊണ്ട് മൂലമറ്റത്തെ സർവ്വീസ് നിറുത്തൽ ചെയ്തു. ബഹുമാനപ്പെട്ട മെമ്പർ ഇതിനെ സംബന്ധിച്ച് ഒരു നിവേദനവും നൽകിയിട്ടുണ്ട്. എന്ത് ചെയ്യാൻ കഴിയുമെന്നതിനെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജോസ് കുറ്റ്യാനി : മൂലമറ്റവും വേളാങ്കണ്ണിയുമായി ബന്ധിക്കുന്ന ഒരു ഇന്റർ സ്റ്റേറ്റ് സർവ്വീസ് തുടങ്ങുവാൻ തീരുമാനിച്ചുവെന്നും ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞു. എന്നാൽ ഇപ്പോൾ തൊടുപുഴ-വേളാങ്കണ്ണി സർവ്വീസ് മാത്രമേ ഓടുന്നുള്ളൂ. ആ ഇന്റർ സ്റ്റേറ്റ് റൂട്ട് പെർമിറ്റ് അനുസരിച്ച് മൂലമറ്റമായാണ് ഓടേണ്ടത്. എന്നാൽ ഇന്ന് തൊടുപുഴയിൽ നിന്നാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ആ ബസ് സർവ്വീസ് മൂലമറ്റത്തുനിന്നു തന്നെ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വേലായുധൻ : ബഹുമാനപ്പെട്ട മെമ്പറുടെ നിവേദനത്തെ തുടർന്ന് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അക്കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. കെ. തോമസ് : കെ. എസ്. ആർ. ടി. സി. നടത്തുന്ന ഇൻസ്റ്റേറ്റ് സർവ്വീസിൽ കർണ്ണാടകയിലേയും, തമിഴ്നാട്ടിലെയും ഏതെല്ലാം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് എത്ര കിലോമീറ്റർ ദൂരം ഓടുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. കെ. വേലായുധൻ : കെ. എസ്. ആർ. ടി. സി. ബസുകൾ തമിഴ്നാട്ടിലേക്ക് ആകെ 18633.8 കി. മീറ്ററിലാണ് ഓടുന്നത്. എന്നാൽ കർണ്ണാടകയിലേക്ക് ഓടുന്നത് 5386.4 കി. മീറ്ററാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. തോമസ് : തമിഴ്നാടിന്റെ അതിർത്തിയിലാണ് എന്റെ നിയോജകമണ്ഡലം. അത് ഇന്റർ സ്റ്റേറ്റ് ബന്ധമുള്ള താണ്. അതിൽ തോട്ടം തൊഴിലാളികളും തെക്കൻ തിരുവിതാംകൂറിൽ നിന്ന് വന്ന് വളരെ വർഷങ്ങൾക്ക് മുൻപ് താമസിക്കുകയാണ്; അവരുടെ ബന്ധുക്കളൊക്കെ കന്യാകുമാരി ജില്ലയിൽ താമസിക്കുന്നുണ്ട്. ഇത് കണക്കിലെടുത്തുകൊണ്ട് ഏലപ്പാറ കന്യാകുമാരിയായി ഒരു ഇന്റർ സ്റ്റേറ്റ് ബസ് സർവ്വീസ് ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അത് അങ്ങ് ഒന്ന് പരിഗണിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ബഹുമാനപ്പെട്ട മെമ്പർ ഇതിനെ സംബന്ധിച്ച് ഒരു നിവേദനം നൽകിയിരുന്നു. അതു മാത്രമല്ല ബഹുമാനപ്പെട്ട ശ്രീ. ജി. വരദൻ എം. എൽ. എ. യും അതുപോലെ ഒരു നിവേദനം നൽകിയിരുന്നു. അതായത് ഏലപ്പാറയിൽ നിന്നും മൂന്നാറിൽ നിന്നും കന്യാകുമാരി, കുളച്ചൽ, മാർത്താണ്ഡം തുടങ്ങിയ പ്രദേശങ്ങളിലേക്ക് ഇന്റർ സ്റ്റേറ്റ് ബസ് സർവ്വീസ് തുടങ്ങണമെന്നാണ് അതിൽ അഭ്യർത്ഥിച്ചിരുന്നത്. അത് കെ. എസ്. ആർ. ടി. സി. പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ പുതിയ ഡ്രാഫ്റ്റ് എഗ്രിമെന്റിൽ ഇത് ഉൾപ്പെടുത്തിക്കൊണ്ട് തമിഴ്നാട് ഗവൺമെന്റുമായി അതിനെക്കുറിച്ചുള്ള ചർച്ച നടത്താം.

ശ്രീ. ജി. കാർത്തികേയൻ : നമ്മുടെ സംസ്ഥാനത്ത് ഓടിക്കൊണ്ടിരിക്കുന്ന ചെറുകിട വാഹനങ്ങളേയും സ്വകാര്യവാഹനങ്ങളെയും നിലയ്ക്ക് നിർത്തുന്നതിനുള്ള ധീരമായ നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇന്റർ സ്റ്റേറ്റ് ബസ് സർവ്വീസ് രംഗത്ത് എത്ര സ്വകാര്യ ബസുകളാണ് സർവ്വീസ് നടത്തുന്നത്? അനധികൃതമായി നിരവധി വൻകിടക്കാരുടെ വീഡിയോ കോച്ചുകൾ ഈ ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ നടത്തുന്നുണ്ട്. അനധികൃതമായി ഓടുന്ന ഇത്തരം സർവ്വീസുകൾ തടയുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ ? അനധികൃതമായി എത്ര സർവ്വീസുകളാണ് ഇന്റർ സ്റ്റേറ്റ് സർവ്വീസിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത് ?

ശ്രീ. പി. കെ. വേലായുധൻ : അത് ഒരു വലിയ ലിസ്റ്റാണ്. ഞാൻ അത് സംക്ഷിപ്തമായി പറയാം. കെ. എസ്. ആർ. ടി. സി. യുടെ 114 ബസുകളാണ് തമിഴ്നാട്ടിലെ 51 റൂട്ടുകളിൽ 350 ട്രിപ്പുകളിലായി നടത്തുന്നത്. അതുമല്ല കർണ്ണാടകത്തിലെ കെ. എസ്. ആർ. ടി. സി. യുടെ 145 ബസുകളും 13 റൂട്ടുകളിൽ 68 ട്രിപ്പുകളും നടത്തുന്നുണ്ട്. സ്വകാര്യ മേഖലയിലെ ബസുകളും തമിഴ് നാട്ടിലേക്ക് ആകെ നടത്തുന്നത് 35 ട്രിപ്പുകൾ മാത്രമാണ്. അതിൽ 5 ബസുകൾ ടെംപററി പെർമിറ്റ് അനുസരിച്ചാണ്. പിന്നെ കർണാടകയിലേക്ക് ആകെ 29 പ്രൈവറ്റ് ബസുകളാണ് സർവ്വീസ് നടത്തുന്നത്. അതിൽ 12 എണ്ണം ടെംപററി പെർമിറ്റ് അനുസരിച്ചാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഈ വീഡിയോ കോച്ചുകളെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

Dr. A. Subha Rao : May I know whether the Minister has received any representation to start bus services from Karwar-Ernakulam, Shimoga-Kozhikode, Kuntapur-Kasargod, Manipal-Kasargod and Mangalore-Kasargod from Kasargod Sub Depot as all these routes have been agreed for joint operation by the State

LIBRARY ARCHIVES Kerala Legislative Assembly

Transport Undertakings of Kerala and Karnataka. Are these Inter-state services that are being operated in that route remunerative; If so, when will the Government start these bus routes?

ശ്രീ. പി. കെ. വേലായുധൻ : ബഹുമാനപ്പെട്ട അംഗം തന്നെ ഇതിനെ സംബന്ധിച്ച് എനിക്ക് എഴുതിയിട്ടുണ്ട്. അതിനെ തുടർന്ന് കണ്ണൂർ, ഗോകർണ്ണം, എറണാകുളം, (ഹസ്സൻ) കോട്ടയം, ബാംഗളൂർ, കാസർകോഡ് (ഹസ്സൻ) കണ്ണൂർ, ബാംഗളൂർ, കോഴിക്കോട്, ഷിമോഗ, കാസർകോഡ്, മണിപ്പാൽ, കാസർകോഡ്, മാംഗളൂർ, തലപ്പാടി, യാടിക്കുടുതുടങ്ങിയ റൂട്ടുകളെ സംബന്ധിച്ചിടത്തോളം നമ്മുടെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പെർമിറ്റായിട്ടുണ്ട്. ഇനി കർണ്ണാടക സ്റ്റേറ്റിന്റെ പെർമിറ്റ് ആവശ്യമാണ്. അതിനുശേഷം എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യേണ്ടതുണ്ട്. അതിനുശേഷമേ സർവ്വീസുകൾ തുടങ്ങുവാൻ സാധിക്കുകയുള്ളു.

ശ്രീ. സി. കെ. തങ്കപ്പൻ : ബഹുമാനപ്പെട്ട മന്ത്രി കേരളത്തിൽ ഈ വകുപ്പ് ഏറെറടുത്തതിനുശേഷം പെരുതും വലുതുമായ എത്ര ബസ് സർവ്വീസുകൾ ഇതിനകം റദ്ദ് ചെയ്തിട്ടുണ്ട് ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. കെ. വേലായുധൻ : അന്തർ സംസ്ഥാന സർവ്വീസുകൾ ഒന്നും ക്യാൻസൽ ചെയ്തിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. തോമസ് കല്ലംപള്ളി : നേരത്തെ ഓടിക്കൊണ്ടിരുന്ന ചങ്ങനാശ്ശേരി-പേളാംകണ്ണി സർവ്വീസ് കുറെക്കാലമായി മുടങ്ങിക്കിടക്കുകയാണ്. അത് പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : അത് പരിശോധിക്കാം.

ശ്രീ. ഒ. ഭരതൻ : 1980-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനാന്തര റൂട്ടുകൾ സ്വകാര്യ മേഖലക്ക് വേണ്ടി അനുവദിക്കാൻ പാടില്ലെന്ന നയം സ്വീകരിച്ചിട്ടുണ്ടായിരുന്നു. പൊതുവെ സ്വീകാര്യമായിട്ടുള്ള ആ നയം ഉപേക്ഷിച്ച് നിരവധി സ്വകാര്യ മേഖലയിലെ ഉടമസ്ഥൻമാർക്ക് അന്തർ സംസ്ഥാന പെർമിറ്റുകൾ അനുവദിച്ചതായി മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇൻറർ സ്റ്റേറ്റ് പെർമിറ്റുകൾ റദ്ദാക്കി അവിടെയൊക്കെ പൊതുമേഖലാ സർവ്വീസുകൾ ഓടിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഞാൻ ഇത് ചോദ്യത്തിന്റെ ആദ്യത്തിലെ പറഞ്ഞു 5 സ്വകാര്യ ബസുകൾക്കാണ് പെർമിറ്റ് കൊടുത്തിട്ടുള്ളതെന്ന്. അതിൽ 4 എണ്ണം തമിഴ്നാട്ടിലേക്കും 1 എണ്ണം കർണ്ണാടകത്തിലേക്കും ആണ്. ഈ തമിഴ്നാടിന് കൊടുത്ത നാല് എണ്ണത്തിൽ 2 എണ്ണം കുമിളിയിൽ നിന്നുള്ളത് കംപം വരെ എക്സ്റ്റൻഷനുമാണ്. കെ. എസ്. ആർ. ടി. സി. മറ്റ് സംസ്ഥാനങ്ങളുമായി എഗ്രിമെൻറ് ഉണ്ടാകാത്ത റൂട്ടുകളിൽ സ്വകാര്യ ബസുകൾ എസ്. ടി. ഐ. യിൽ ഇൻറർ സ്റ്റേറ്റ് സർവ്വീസ് നടത്തുന്നതിനുവേണ്ടി പെർമിറ്റിനു അപേക്ഷിക്കാറുണ്ട്. 22 പെർമിറ്റോടുകൂടിയാണ് അത് അനുവദിക്കാറുള്ളത്. മറ്റ് സംസ്ഥാന ഗവൺമെൻറിന്റെ കൂടി അംഗീകാരത്തോടുകൂടിയാണ് അത് നടക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ബാക്കി എതെല്ലാം സ്ഥലങ്ങളിൽ പോകുന്നുണ്ടെന്നുള്ള കാര്യം ഞാൻ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : കോൺട്രാക്ട് ക്യാരിയേജിന് പെർമിറ്റ് എടുത്തുകൊണ്ട് സ്റ്റേജ് ക്യാരിയേജായി ദിവസവും നൂറുകണക്കിന് ബസുകൾ പ്രത്യേകിച്ച്, ഗോവ, ബോംബെ, മംഗലാപുരം, ബാംഗ്ലൂർ, മൈസൂർ, കർണ്ണാടക എന്നിവിടങ്ങളിലേക്ക് ഓടിക്കൊണ്ടിരിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് മറ്റ് സ്റ്റേറ്റ് ഗവൺമെന്റുകളുമായി വല്ല കരാറുമുണ്ടോ ; കോൺട്രാക്ട് ക്യാരിയേജിന് പെർമിറ്റ് എടുത്തിട്ട് സ്റ്റേജ് ക്യാരിയേജായി ദിവസവും ബോർഡ് വച്ച് പരസ്യപ്പെടുത്തി തിട്ടസമയത്തിന് ബസ് ഓടുന്നതിനെ സംബന്ധിച്ചിടത്തോളം അന്വേഷിച്ച് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : മോട്ടോർ വെഹിക്കിൾസ് ആക്ടിലെ സെക്ഷൻ 63 (7) അനുസരിച്ച് കേന്ദ്രഗവൺമെന്റ് ഓരോ സംസ്ഥാനങ്ങൾക്കും 50 പെർമിറ്റുകൾ വീതം അനുവദിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ സംസ്ഥാനത്തുനിന്ന് കോൺട്രാക്ട് ക്യാരിയേജ് സിസ്റ്റമനുസരിച്ച് ഗോവയിലേക്കും ബോംബെയിലേക്കും സർവ്വീസ് നടത്താൻ ബസുകൾക്ക് പെർമിറ്റ് കൊടുത്തത്. മറ്റ് സംസ്ഥാനങ്ങളായ കർണ്ണാടകയിൽനിന്നും ഗോവയിൽനിന്നും പോണ്ടിച്ചേരിയിൽനിന്നും തമിഴ്നാട്ടിൽനിന്നും ഗവൺമെന്റ് ഓഫ് ഇന്ത്യാ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ട് ക്യാരിയേജ് പെർമിറ്റ് എടുത്തുകൊണ്ട് വണ്ടികൾ വരുന്നുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : പെർമനെൻറായി ഷെഡ്യൂൾ വച്ച് സമയമനുസരിച്ച് ഓടുന്നതെങ്ങനെയാണ് ; കോൺട്രാക്ട് ക്യാരിയേജിനാണ് പെർമിറ്റ്, ഓടുന്നത് സ്റ്റേറ്റ് ക്യാരിയേജായിട്ടാണ്. സ്ഥിരം സർവ്വീസായിട്ടാണ് ഓടുന്നത്. അത് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : കോൺട്രാക്ട് ക്യാരിയേജുകൾ സ്റ്റേറ്റ് ക്യാരിയേജുകളായിട്ട് പോകുന്നതിനെ സംബന്ധിച്ചിടത്തോളം ഒക്ടോബർ മുതൽ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഫലം ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട അംഗം അത്തരം കാര്യങ്ങൾ സൂചിപ്പിച്ചാൽ അത് ഗവൺമെൻറിനുംകൂടി സഹായകരമായിരിക്കും. അതനുസരിച്ച് ശക്തമായ നടപടി സ്വീകരിക്കാം.

ശ്രീ. ഇ. കെ. നായനാർ : മറ്റ് സംസ്ഥാനങ്ങളുമായി കോൺട്രാക്ട് ഉണ്ടാക്കിയ സ്ഥലത്ത് നമ്മുടെ പ്രൈവറ്റ് ബസുകൾ പോകുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മംഗലാപുരത്തേക്ക് സ്ഥിരമായി കെ. എസ്. ആർ. ടി. സി. ബസും പ്രൈവറ്റ് ബസും ഉണ്ട്. കണ്ണൂരിൽ നിന്ന് 30-ഓളം ബസുകൾ ദിവസേന ബോംബെക്ക് പോകുന്നുണ്ട്. കൃത്യസമയത്തിന് ഞങ്ങൾ ടിക്കറ്റ് ബുക്ക് ചെയ്യുന്നുണ്ട്. മന്ത്രി പറയുന്നതൊന്നും സത്യമല്ല. ഇതിന്റെ പിന്നിൽ എന്തോ അണ്ടർഹാൻഡ് ഡീലിംഗ് ഉണ്ട്. കൃത്യമായ സമയംവച്ച് രാവിലെ എട്ടു മണിക്കും പത്തു മണിക്കും പന്ത്രണ്ടു മണിക്കും ബസ് പോകുന്നുണ്ട്. മംഗലാപുരത്തേക്ക് ഒരേസമയം കെ. എസ്. ആർ. ടി. സി. ബസും പ്രൈവറ്റ് ബസും പോകുന്നുണ്ട്. ഈ കാര്യങ്ങളൊക്കെ മന്ത്രിക്കറിയാവുന്നതാണ്. ഇവിടെ രക്ഷപ്പെടാൻ വേണ്ടിയാണ് ഇങ്ങനെയൊക്കെ പറയുന്നത്. ഓരോ ദിവസവും സ്ഥിരമായി എത്ര പ്രൈവറ്റ് ബസുകൾ പോകുന്നുണ്ടെന്നുള്ളതിനെപ്പറ്റി വല്ല കണക്കും എടുത്തിട്ടുണ്ടോ ; അതോ വേറെ വല്ല ഏർപ്പാടുമുണ്ടോ ; ഉണ്ടെങ്കിൽ അതൊന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ : അങ്ങനെ എന്തെങ്കിലും ഡീലിംഗ് ഉള്ളതായിട്ടെനിക്കറിയില്ല. കോഴിക്കോട്ടുനിന്നും കാസർകോട്ടുനിന്നും കണ്ണൂർ നിന്നും മംഗലാപുരത്തേക്ക് കെ. എസ്. ആർ. ടി. സി. യുടെ ബസുകൾ പോകുന്നുണ്ട്. കെ. എൽ. എ. 9229 തലപ്പാശ്ശേരി-മാംഗ്ലൂർ, കെ. ആർ. സി. 5760 കാസർകോഡ്-മാംഗ്ലൂർ, കെ. എൽ. ഡി. 7703 ആനയ്ക്കൽ-മാംഗ്ലൂർ, കെ. എൽ. സി. 9689 പറശ്ശിക്കടവ്-മാംഗ്ലൂർ, കെ. ആർ. സി. 369 പാന്തൂർ-മാംഗ്ലൂർ, കെ. ആർ. ഇസഡ്. 3888 കോഴിക്കോട്-മാംഗ്ലൂർ, കെ. ആർ. സി. 1698 കണ്ണൂർ-മാംഗളൂർ എന്നിങ്ങനെയുള്ള സ്വകാര്യ ബസുകൾ മംഗലാപുരത്തേക്ക് പോകുന്നതായിട്ടാണ് എന്റെ കൈൽ കിട്ടിയിട്ടുള്ള രേഖകളിൽ കാണുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ മറ്റ് ബസുകളെക്കുറിച്ച് ഞാൻ അന്വേഷിക്കാം.

ശ്രീ. വി. ദിനകരൻ : ആലപ്പുഴയിൽനിന്ന് ഒരു അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കണമെന്ന് കഴിഞ്ഞ നിയമസഭയിൽതന്നെ ഉറപ്പ് കിട്ടിയിരുന്നതാണ്. അതിനെ സംബന്ധിച്ച് എന്തുനടപടി സ്വീകരിച്ചുവെന്ന് പറയാൻ കഴിയുമോ ; ആലപ്പുഴക്കാരായ ഞങ്ങൾക്ക് ആലപ്പുഴ ബസ്സ്റ്റാന്റിൽ ചെല്ലാൻപറ്റാത്ത ഒരു സ്ഥിതിയാണിപ്പോൾ. ഏതുസമയത്താണ് യാത്രക്കാരും ജീവനക്കാരും ഞങ്ങളെ പിടിച്ചുനിറുത്തുകയെന്നറിയില്ല. അതിൽനിന്നും മോചനം നേടാൻ എന്തെങ്കിലുമൊരു സംവിധാനം ഉണ്ടാക്കിത്തരുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഇതിനെ സംബന്ധിച്ച് സൂചിപ്പിക്കുകയും നിവേദനം നൽകുകയും ചെയ്തിരുന്നു. പുതിയ ചർച്ചയിൽ ആ റൂട്ട് ഉൾപ്പെടുത്തി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്ന കൂട്ടത്തിൽ മംഗലാപുരത്തേക്കും ഗോവയിലേക്കും ബോംബെയിലേക്കും പോകുന്ന ബസുകൾ തുടർച്ചയായി ചില പ്രത്യേക സ്ഥലങ്ങളിൽവച്ച് കൊള്ളയടിക്കപ്പെടുന്നുവെന്നുള്ള പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ ഫലമായി അൻവധി നാശനഷ്ടങ്ങളുണ്ടായ ആളുകൾ യാതൊരു പരിഹാരമാർഗ്ഗവും കാണാതെ ദുഃഖിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. സി. ടി. അഹമ്മദ് അലി : മലബാർ മേഖലയിലെ വലിയൊരു വിഭാഗം യാത്രക്കാർ മംഗലാപുരം എയർപോർട്ടു വഴിയാണ് വരുന്നത്. ഭീമമായി കാർ ഫെയർ കൊടുത്തുകൊണ്ടാണ് ഇന്നവർ തൃശ്ശൂർവരെ യാത്ര ചെയ്യുന്നത്. അതുകൊണ്ട് മംഗലാപുരം എയർപോർട്ടിൽ നിന്ന് മലബാറിലേക്ക് കെ. എസ്. ആർ. ടി. സി. ബസുപോലെ മംഗലാപുരം എയർപോർട്ട് ബസ് സർവ്വീസ് ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : മംഗലാപുരം എയർപോർട്ട്, കോയമ്പത്തൂർ എയർപോർട്ട് എന്നീ സ്ഥലങ്ങളിലേക്ക് കെ. എസ്. ആർ. ടി. സി. യുടെ ബസുകൾ ഓടിപ്പിക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജിനദേവൻ : എന്റെ നിയോജകമണ്ഡലമായ ഇടുക്കിജില്ല തമിഴ്നാട് അതിർത്തിയിലാണ്. അവിടെ തമിഴ്നാട്ടിലെ തോട്ടംതൊഴിലാളികളും മറ്റുമായിട്ടുള്ള അനേകമാളുകൾ യാത്രാക്ലേശംകൊണ്ട് ബുദ്ധിമുട്ടുകയാണ്. അവിടെ ഒരു അന്തർസംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കുന്നതിനുവേണ്ടി ധാരാളം നിവേദനങ്ങൾ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ K.S.R.T.C. ബസ് സർവ്വീസ് ആരംഭിച്ചു കഴിഞ്ഞാൽ അതിനുബദലായി അവിടത്തെ R. N. T. C. ക്കാർ ബസ് സർവ്വീസ് നടത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് R.N.T.C.ക്ക് ബസ് സർവ്വീസിന് അനുവാദം കൊടുക്കുന്നുമില്ല, ആ വഴിക്ക് ബസ് വിടുന്നുമില്ല. അതുകൊണ്ട് ആ പ്രദേശത്തുള്ള ആയിരക്കണക്കിന് ആളുകൾ യാത്രാക്ലേശമനുഭവിക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യം പരിഗണിച്ച് തമിഴ്നാട്ടിലെ മധുര, കമ്പം, തേനി, ഉത്തമപാളയം തുടങ്ങിയ സ്ഥലങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ ? അല്ലെങ്കിൽ ബോഡിനായ്ക്കന്നൂർ-തേനി ആയി ഒരു സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഇപ്പോൾ നടക്കുന്ന ചർച്ചകളിൽ രാജപാളയം, ശിവകാശി, മധുര, വേളാങ്കണ്ണി, കൊടൈക്കനാൽ, ഊട്ടി, തിരുപ്പൂർ, തിരുനെൽവേലി, നെയ്വേലി, ഉദയമണ്ഡലം തുടങ്ങിയ സ്ഥലങ്ങളിലേക്കും മൂന്നാർ, നെടുങ്കണ്ടം, ഏലപ്പാറ, പീരുമേട് തുടങ്ങിയ സ്ഥലങ്ങളിലേക്കും അന്തർസംസ്ഥാന സർവ്വീസ് നടത്തുന്നതിനുവേണ്ടി ചർച്ചകൾ നടക്കുന്നുണ്ട്.

ശ്രീ. വി. കെ. രാജൻ : അന്തർ സംസ്ഥാന സർവ്വീസിൽ ഉൾപ്പെടുത്തി കൊടുങ്ങല്ലൂർ, ഗുരുവായൂർ, പാലക്കാട്, കോയമ്പത്തൂർ, നാഗൂർ വഴി വേളാങ്കണ്ണിയിലേക്ക് ഒരു ബസ് സർവ്വീസ് ആരംഭിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. കെ. വേലായുധൻ : ഈ പുണ്യകേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ഒരു സർവ്വീസ് തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുന്നുണ്ട്.

അനധികൃതമായി കടത്തുന്ന സ്പിരിറ്റ്

* 75. [77] ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. എം. ജിനദേവൻ :
,, എ. കെ. പത്മനാഭൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൻതോതിൽ സ്പിരിറ്റ് അനധികൃതമായി കടത്തിക്കൊണ്ടുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതു സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ ശിക്ഷിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly